# ഇന്ത്യൻ ആംഗ്യഭാഷയ്ക്ക് ഔദ്യോഗിക ഭാഷാ പദവി നൽകണം: ബധിര-മൂക സമ്മേളനം

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി ● കേന്ദ്രസർക്കാരിന്റെ വിദഗ്ധസമിതി രൂപം നൽകുന്ന നിർദിഷ്ട ഇന്ത്യൻ ആംഗ്യഭാഷയ്ക്ക് ഔദ്യോഗിക ഭാഷാ പദവി നൽകണമെന്ന് ദേശീയ ബധിര-മൂക സമ്മേളനം ആവശ്യപ്പെട്ടു. ബധിരരുടെ ദേശീയ സംഘടനയാണ് (എൻഎഡി) സമ്മേളനം നടത്തിയത്. ഇന്ത്യൻ ആംഗ്യഭാഷാ ഗവേഷണ - പരിശീലന കേന്ദ്രത്തിനു രൂപം നൽകാനും രാജ്യമെങ്ങും സ്വീകാര്യമായ ആംഗ്യഭാഷ വികസിപ്പിക്കാനും കഴിഞ്ഞ വർഷമാണു കേന്ദ്രമന്ത്രിസഭ തീരുമാനിച്ചത്.

ഡൽഹി ആസ്ഥാനമായ സ്ഥാപനം ജൂലൈയിൽ പ്രവർത്തനം ആരംഭിക്കുമെന്നു കേന്ദ്ര ഭിന്നശേഷിവകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ജഗ്ദീഷ് കുമാർ അറിയിച്ചു. 50 ലക്ഷത്തോളം അംഗബലമുള്ള ബധിര-മൂക സമൂഹത്തിനു തൊഴിൽ പരിശീലനം, ഭാഷാപഠനം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ മേഖലകളിൽ സമഗ്ര ഗവേഷണ - പരിശീലന പദ്ധതിയാണു ലക്ഷ്യം.




കേരള അസോസിയേഷൻ ഓഫ് ദ് ഡെഫ് (കെഎഡി) പ്രസിഡന്റ് കെ.സി. ഐസക്, അഖിലേന്ത്യാ ബധിര സംഘടനയുടെ (എൻഎഡി) ദേശീയ പുരസ്കാരം കേന്ദ്ര ഭിന്നശേഷി വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ജഗ്ദീഷ് കുമാറിൽ നിന്ന് ഏറ്റുവാങ്ങുന്നു. എൻഎഡി പ്രസിഡന്റ് സോറിൻ സിംഘ, സെക്രട്ടറി എ.എസ്. നാരായണൻ എന്നിവർ സമീപം.

കേരള ബധിര-മൂക സംഘടനാ (കെഎഡി) പ്രസിഡന്റ് കെ. സി. ഐസക് (കോട്ടയം), അഖിൽ ചിനോയ് (മുംബൈ), ടി. എം. കെ. സന്ദീപ് (ഹൈദരാബാദ്) എന്നിവർ അഖിലേന്ത്യാ ബധിരസംഘടനയുടെ ദേശീയ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. സർക്കാർ സഹായമില്ലാതെ ബധിരർക്കു സ്വയംതൊഴിൽ പദ്ധതികളും വിദ്യാഭ്യാസ - പരിശീലന പരിപാടികളും വിജയകരമായി ആവിഷ്കരിച്ചു നടപ്പാക്കിയവരാണു മൂവരും.

തലസ്ഥാനത്തെ പതിവു പരിപാടികളിൽനിന്നു വ്യത്യസ്തമായി, ബധിര സമൂഹത്തിന്റെ നിശ്ശബ്ദ സമ്മേളനം. ആംഗ്യഭാഷയിലുള്ള പ്രസംഗങ്ങൾ തീർത്തും ഹ്രസ്വമായിരുന്നു. കയ്യടിച്ചു ശബ്ദമുണ്ടാക്കുന്നതിനു പകരം ഇരുകയ്യും ഉയർത്തിയിളക്കിയ സദസ്സ് പ്രസംഗകരെ ശബ്ദഘോഷങ്ങളില്ലാതെ അഭിനന്ദിച്ചു.

കൃത്യസമയത്തു തുടങ്ങിയ സമ്മേളനം നിശ്ചയിച്ചതിലും 12 സെക്കൻഡ് നേരത്തേ സമാപിച്ചു. സദസ്സ് ഒന്നടങ്കം കരചലനങ്ങളോടെ 'ഏറ്റുപാടിയ' ദേശീയഗാനം ദേശഭക്തിക്കു പുതിയ ഭാഷ്യവുമായി.